## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1285    08.02.2013- ൽ മറുപടി നൽകേണ്ടിയിരുന്നത്

### കേന്ദ്ര സർക്കാരിൽ നിന്ന് വരൾച്ചാ ദുരിതാശ്വാസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എളമരം കരീം<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ചമൂലം ഉണ്ടാകുന്ന കെടുതികൾ നേരിടുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചു ; വിശദമാക്കുമോ; | (എ) | സംസ്ഥാനമാകെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ച് 31.12.2012-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഓരോ ജില്ലയുടെ ചുമതല ഓരോ മന്ത്രിമാരെ ഏൽപ്പിച്ചിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നതിനും അതിനു പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ചും, വരൾച്ചാ ദുരിതാശ്വാസ/കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ ജില്ലാ തലത്തിൽ സ്വീകരിക്കാനുതകുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ചും 28.12.2012-ൽ നം.77507/കെ3/2012/ഡി.എം.ഡി നമ്പർ സർക്കുലർ പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് ജില്ലാ ചുമതലയുള്ള മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ അടിയന്തിര യോഗങ്ങൾ ചേർന്ന് അതാത് ജില്ലകളിൽ സ്വീകരിക്കേണ്ട വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ച് അവലോകനം നടത്തി ഏതൊക്കെ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്ന് തീരുമാനമെടുക്കുകയും പ്രവർത്തനങ്ങൾക്ക് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി അതാത് നിർവ്വഹണ വകുപ്പുകളിലൂടെ തീരുമാനങ്ങൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് നിബന്ധന അനുസരിച്ചുള്ള ടാങ്കർ ലോറിയിലുള്ള കുടിവെള്ള വിതരണം, പൈപ്പ് ലൈനുകളുടെ അറ്റകുറ്റ പണികൾ, പൊതുകുളം, കിണർ മുതലായ കുടിവെള്ള സ്രോതസുകളുടെ സംരക്ഷണം തുടങ്ങിയ പ്രവൃത്തികൾക്ക് ജില്ലാ കളക്ടർമാർ അനുമതി നൽകി വരുന്നു. കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികൾ അതാത് വകുപ്പുകൾ മുഖേന നിർവ്വഹിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് മിക്ക ജില്ലകളിലും നെല്ല് ഉൾപ്പെടെയുള്ള കാർഷിക വിളകൾ കരിഞ്ഞുണങ്ങി നശിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള കൃഷി നാശത്തിന്റെ കണക്ക് ശേഖരിച്ച് ലഭിക്കുകയുണ്ടായോ ; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കുടിവെള്ള ദൗർലഭ്യം നിലനിൽക്കുന്ന പ്രദേശങ്ങളിൽ വകുപ്പ് വഴിയുള്ള കുടിവെള്ള വിതരണം ഫലപ്രദമായി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുമോ ; കുടിവെള്ള വിതരണത്തിൽ ഉദ്യോഗസ്ഥർ തട്ടിപ്പു നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. കുടിവെള്ള വിതരണത്തിലുള്ള തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ താലൂക്ക് ഓഫീസിൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ "സർപ്രൈസ് ഇൻസ്പെക്ഷന്റെ" അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടന്നു വരുന്ന കുടിവെള്ള വിതരണ പ്രവർത്തനമാകെ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ മുഖാന്തിരം പരിശോധന നടത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കുടിവെള്ള വിതരണ പ്രവർത്തനങ്ങളിൽ ക്രമക്കേട് നടത്തുന്ന കരാറുകാരെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്താനും ഉദ്യോഗസ്ഥ തലത്തിൽ കൂടുതൽ ജാഗ്രത പുലർത്താനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | വരൾച്ചാ – കെടുതികൾ നേരിടുന്നതിന് പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എന്ത് തുകയ്ക്കുള്ള സഹായമാണ് ആവശ്യ പ്പെട്ടിട്ടുള്ളത് . ഇത് പരിഗണിക്കുക യുണ്ടായോ; സഹായം ലഭിക്കുകയുണ്ടായോ; വിശദമാക്കുമോ; | (ഡി) | കെടുതികൾ നേരിടുന്നതിന് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. കേന്ദ്ര ദുരിത പ്രതികരണ നിധിയിൽ നിന്നും 1995 കോടിയുടെ വരൾച്ചാ ദുരിതാശ്വാസ സഹായത്തിന് 2012 ഒക്ടോബറിൽ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് കേരളം ആകെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനെ തുടർന്ന് 7888.09 കോടി രൂപയുടെ അധിക സാമ്പത്തിക സഹായത്തിന് വീണ്ടും മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമെ 3936.81 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രധാനമന്ത്രിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ തുക അനുവദിച്ചിട്ടില്ല. |
| (ഇ) | 2011 -12 സാമ്പത്തിക വർഷം വരൾച്ചാ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് എത്ര കോടിയുടെ സഹായമാണ് ആവശ്യപ്പെട്ടിരുന്നത്; എന്ത് തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു ; വിശദമാക്കുമോ? | (ഇ) | പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് ആണ് വെള്ളപ്പൊക്ക - വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് വിനിയോഗിക്കുന്നത്. 75% കേന്ദ്ര സഹായവും 25% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തിയാണ് ഈ നിധി രൂപീകരിച്ചിരിക്കുന്നത്. 2011 - 12 സാമ്പത്തിക വർഷത്തിൽ 103.22 കോടി രൂപ കേന്ദ്ര വിഹിതവും 34.41 കോടി രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടെ 137.63 കോടി രൂപയാണ് ഈ നിധിയിൽ ഉണ്ടായിരുന്നത്. 2011 - 12 സാമ്പത്തിക വർഷം വരൾച്ചാ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിനോട് സഹായം ആവശ്യപ്പെട്ടിരുന്നില്ല. |

സെക്ഷൻ ഓഫീസർ

TABLE 11: AGRICULTURAL LOSSES IN THE DISTRICTS (KHARIF & RABI) 2012-13

| Sl. No | District | Total Area Affected (ha) | No. of farmers affected | Estimate Loss (in lakhs) | Assistance Requested (in lakhs) | Claim as per SDRF norms (in lakhs)* | Claimed in October as per SDRF norms (in lakhs) | New Claim as per SDRF norms (in lakhs) |
|---|---|---|---|---|---|---|---|---|
| 1 | Tvm | 25955 | 2664 | 90389.4 | 31701 | 851.64 | [illegible] | 15.92 |
| 2 | Klm | 11925.11 | 7312 | 4256.294 | 1628.761 | 929.0066 | 0.3066 | 928.7 |
| 3 | Pta | 27422 | 3252 | 50672.5 | 18099.85 | 2187.76 | Nil | 2187.76 |
| 4 | Alp | 34266 | 7550 | 30715.5 | 9295.625 | 30.834 | Nil | 30.834 |
| 5 | Ktm | 5267 | 252 | 7406.8 | 2378 | 396.07 | Nil | 396.07 |
| 6 | Idu | 15079 | 3565 | 22757.9985 | 8025.286 | 869.74 | 69.74 | 800 |
| 7 | Ekm | 50 | 127 | 120.5 | 52.5 | 4 | Nil | [illegible] |
| 8 | Tsr | 23040 | 1250 | 39118.5 | 13655.88 | 1736.15 | Nil | 1736.15 |
| 9 | Pkd | 67799.72 | 24978 | 122218.4 | 39409.81 | 5235.8932 | Nil | 5235.8932 |
| 10 | Mlp | 22127 | 864 | 39617.6 | 14220.85 | 1632.88 | Nil | 1632.88 |
| 11 | Kzd | 3500 | 436 | 6118.25 | 2141.88 | 279.9 | Nil | 279.9 |
| 12 | Wyd | 63929 | 38125 | 176601.55 | 57357.99 | 3967 | 3700 | 267 |
| 13 | Knr | 427.5 | 153 | 171 | 42.75 | 10.17 | Nil | 10.17 |
| 14 | Ksd | 1020 | 728 | 802 | 250.1 | 67.6 | Nil | 67.6 |
| | Total | 305787.3 | 115731 | 581066.3 | 187168.7 | 13178.4938 | 3586.1666 | 13592.33 |

*All values in lakhs;* * [illegible]